**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1097** **30-06-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീമതി കെ.കെ.രമ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | മണ്ണെണ്ണ വില ക്രമാതീതമായി വർധിക്കുന്നത് മത്സ്യത്തൊഴിലാളികൾക്ക് കനത്ത തിരിച്ചടിയാകുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | മത്സ്യഫെഡ് മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ സബ്സിഡി ലഭ്യമാക്കുന്നുണ്ടോ; സബ്സിഡി ഇനത്തിൽ എത്ര മാസത്തെ കുടിശ്ശിക മത്സ്യത്തൊഴിലാളികൾക്ക് നൽകാനുണ്ട് എന്ന് വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. സബ്സിഡി ഇനത്തിൽ കുടിശ്ശിക വരുത്തിയിട്ടില്ല. 2022 ഏപ്രിൽ മാസം വരെയുള്ള സബ്സിഡി വിതരണം ചെയ്തു കഴിഞ്ഞു. 2022 മെയ് മാസത്തെ സബ്സിഡി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | മത്സ്യഫെഡ് വഴി നൽകുന്ന മണ്ണെണ്ണ ആവശ്യത്തിന് ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (സി) | ഉണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും കേരളത്തിന് ആവശ്യമായ അളവിൽ സബ്സിഡി മണ്ണെണ്ണയും സബ്സിഡി രഹിത മണ്ണെണ്ണയും അനുവദിക്കപ്പെടാത്തതിനാൽ മത്സ്യബന്ധനത്തിന് ആവശ്യമായ മണ്ണെണ്ണ ലഭ്യമാക്കുന്നതിന് കഴിയുന്നില്ല എന്നത് വസ്തുതയാണ്. മത്സ്യബന്ധനത്തിന് ആവശ്യമായ മണ്ണെണ്ണയുടെ കാൽ ഭാഗം പോലും കേന്ദ്രം സബ്സിഡി രഹിത മണ്ണെണ്ണ (non PDS) ആയി അനുവദിക്കുന്നില്ല. 2022-23 വർഷം ഇതുവരെ 2160 KL മണ്ണെണ്ണ ലഭ്യമാക്കുകയും മത്സ്യബന്ധന മേഖലയ്ക്ക് അത് പൂർണ്ണമായും വിതരണം ചെയ്യുകയും ചെയ്തു. നടപ്പു വർഷത്തേക്ക് ആവശ്യമുള്ള പരമാവധി മണ്ണെണ്ണ നേടിയെടുക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തി വരികയാണ്. |
| (ഡി) | മണ്ണെണ്ണയുടെ കടുത്ത ദൗർലഭ്യം നിമിത്തം മത്സ്യബന്ധനത്തിന് കടലിൽ വള്ളമിറക്കാൻ കഴിയാത്ത അവസ്ഥയിലാണ് മത്സ്യത്തൊഴിലാളികൾ എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് സർക്കാർ ഗൗരവപൂർവം കാണുന്നുണ്ടോ? | (ഡി) | ഉണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും കേരളത്തിന് ആവശ്യമായ അളവിൽ സബ്സിഡി മണ്ണെണ്ണയും സബ്സിഡി രഹിത മണ്ണെണ്ണയും അനുവദിക്കപ്പെടാത്തതിനാൽ മത്സ്യബന്ധനത്തിന് ആവശ്യമായ മണ്ണെണ്ണ ലഭ്യമാക്കുന്നതിന് കഴിയുന്നില്ല എന്നത് വസ്തുതയാണ്. മത്സ്യബന്ധനത്തിന് ആവശ്യമായ മണ്ണെണ്ണയുടെ കാൽ ഭാഗം പോലും |

| | | | |
|---|---|---|---|
| | | | കേന്ദ്രം സബ്സിഡി രഹിത മണ്ണെണ്ണ (non PDS) ആയി അനുവദിക്കുന്നില്ല. 2022-23 വർഷം ഇതുവരെ 2160 KL മണ്ണെണ്ണ ലഭ്യമാക്കുകയും മത്സ്യബന്ധന മേഖലയ്ക്ക് അത് പൂർണ്ണമായും വിതരണം ചെയ്യുകയും ചെയ്തു. നടപ്പ വർഷത്തേക്ക് ആവശ്യമുള്ള പരമാവധി മണ്ണെണ്ണ നേടിയെടുക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തി വരികയാണ്. |

സെക്ഷൻ ഓഫീസർ